## മഹാത്മാഗാന്ധി സർവ്വകലാശാല
## (സംഗ്രഹം)

ആറാം യുജിസി സ്കീം – പ്രൊഫസർ തസ്തികകളിലേക്കുള്ള സ്ഥാനക്കയറ്റം – ഉഴവൂർ സെന്റ് സ്റ്റീഫൻസ് കോളേജിൽ നിന്നും വിരമിച്ച ഡോ.സി വി തോമസ് ന്റെ പ്രൊഫസ്സർ സ്ഥാനത്തേയ്ക്കുള്ള സ്ഥാനക്കയറ്റ ശുപാർശ പരിഗണിക്കുന്നത് സംബന്ധിച്ച് – ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**അക്കാദമിക് ബി 5 സെക്ഷൻ**

നം. 2487/ബി 5/02/2018/അക്കാദമിക്

പ്രിയദർശിനി ഹിൽസ്, 12 .03.2018

==========================================================================

പരാമർശം:-

1. G.O.(Rt)No.1867/2017/H.Edn. dated 13.10.2017.
2. Minutes item No: O.A 3 of the meeting of the Standing Committee of the Syndicate on Affiliation and Approval at its meeting held on 03.11.2017.
3. U.O.No.6589/BV/Acad. dated 04.11.2017
4. 11.01.2018 ലെ 352/ബി 5/02/2017/അക്കാദമിക് നമ്പരിലുള്ള സർവ്വകലാശാല ഉത്തരവ്
5. 2018 ജനുവരി മാസം 12–ാം തീയതി കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സിലെ ഇനം നമ്പർ ഒ. എ 7/18.01
6. 29.01.2018 ലെ 596/ബി 5/02/2018/അക്കാദമിക് നമ്പരിലുള്ള സർവ്വകലാശാല ഉത്തരവ്
7. G.O. (Rt)No.256/2018/ HEdn. dated 08.02.2018
8. G.O. (Rt)No.290/2018/ HEdn. dated 15.02.2018
9. U.O.No. 1096 / BV/Acad dated 19 .02.2018.
10. 2018 മാർച്ച മാസം 05–ാം തീയതി കൂടിയ അപ്രൂവലിനു വേണ്ടിയുള്ള സിൻഡിക്കേറ്റ് ഉപസമിതി യോഗത്തിന്റെ മിനിറ്റ്സിലെ ഇനം നമ്പർ 186521

**<u>ഉത്തരവ്</u>**

ഉഴവൂർ സെന്റ് സ്റ്റീഫൻസ് കോളേജിൽ നിന്നും 31.03.2013-ൽ വിരമിച്ച ഡോ.സി വി തോമസ് അഫിലിയേറ്റഡ് കോളേജുകളിലെ പ്രൊഫസ്സർ തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റവുമായി ബന്ധപ്പെട്ടു ഫയൽ ചെയ്ത WP©No: 22083/2011 മേലുള്ള 18.01.2017 ലെ വിധി പ്രകാരം സർക്കാർ പരാമർശം (1) നമ്പരിലുള്ള ഉത്തരവ് പുറപ്പെടുവിക്കുകയും തദനുസരണം പരാമർശം (2) ലെ തീരുമാന പ്രകാരം സർവ്വകലാശാല പരാമർശം (3) ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. ടി ഉത്തരവ് പ്രകാരം പ്രൊഫസ്സർ തസ്തികയിലേക്ക സ്ഥാനക്കയറ്റത്തിനു അർഹരായ അസ്സോസിയേറ്റ് പ്രൊഫസ്സർമാർക്കു അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 10.12.2017 ആയി നിജപ്പെടുത്തുകയും, പിന്നീട് പരാമർശം(4) പ്രകാരമുള്ള ഉത്തരവിൽ പ്രസ്തുത അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 31.03.2018 ആയി ദീർഘിപ്പിക്കുകയും ചെയ്തു. ഡോ.സി വി തോമസ് ഫയൽ ചെയ്ത WP©No: 443/2018 മേലുള്ള 09.01.2018 ലെ ഉത്തരവ് പ്രകാരം ഡോ.സി വി തോമസ് ന്റെ സ്ഥാനക്കയറ്റ അംഗീകാര ശുപാർശ പരിഗണിച്ച് ഒരു മാസത്തിനുള്ളിൽ ഉത്തരവ് പുറപ്പെടുവിക്കുവാൻ ബഹു. കേരള ഹൈക്കോടതി സർവ്വകലാശാലക്ക് നിർദ്ദേശം നല്കി .2018 ജനുവരി മാസം 12–ാം തീയതി കൂടിയ സിൻഡിക്കേറ്റ് യോഗം പരാമർശം (5) പ്രകാരം ഡോ.സി വി തോമസ് ഫയൽ ചെയ്ത WP©No:22083/2011 & WP©No: 443/2018 മേലുള്ള വിധിയുമായി ബന്ധപ്പെട്ട് ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നതിനു സിൻഡിക്കേറ്റിന്റെ അഫിലിയേഷനും അപ്രൂവലിനുമായുള്ള ഉപസമിതിയെ ചുമതലപ്പെടുത്തുകയും ചെയ്തു. തദനുസരണം പരാമർശം (6) ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.

ഫയൽ നമ്പർ: AcB5/SO/5113/2017

എന്നാൽ 08.02.2018 ലെ G.O.(Rt)No.256/2018/ HEdn, 15.02.2018 ലെ G.O.(Rt)No.290/2018/HEdn. എന്നീ ഉത്തരവുകൾ മുഖേന 13.10.2017 ലെ G.O.(Rt)No.1867/2017/H.Edn നമ്പരിലുള്ള ഉത്തരവ് സർക്കാർ റദ്ദ് ചെയ്തു. ഇതിനെ തുടർന്ന് 08.02.2018 ലെ G.O.(Rt)No.256/2018/ HEdn., 15.02.2018 ലെ G.O.(Rt)No.290/2018/ HEdn. എന്നീ ഉത്തരവുകൾ സർവകലാശാലയിൽ നടപ്പിലാക്കിക്കൊണ്ടും , 04.11.2017- ലെ U.O.No.6589/BV/Acad. നമ്പരിലുള്ള ഉത്തരവ് റദ്ദാക്കിക്കൊണ്ടും മഹാത്മാഗാന്ധി സർവ്വകലാശാല ചട്ടം 1985, 3.10(17) പ്രകാരമുള്ള അധികാരമുപയോഗിച്ച് വൈസ് ചാൻസലർ ഉത്തരവാകുകയും , തദനുസരണം 19.02.2018 ലെ U.O.No. 1096 / BV/Acad നമ്പരിലുള്ള ഉത്തരവ് പുറത്തിറക്കുകയും ചെയ്തു.

2018 മാർച്ച് മാസം 05-ാം തീയതി കൂടിയ അപ്രൂവലിനു വേണ്ടിയുള്ള സിൻഡിക്കേറ്റ് ഉപസമിതി യോഗം ഉഴവൂർ സെന്റ് സ്റ്റീഫൻസ് കോളേജിൽ നിന്നും വിരമിച്ച ഡോ.സി വി തോമസ് ന്റെ പ്രൊഫസ്സർ സ്ഥാനത്തേയ്ക്കുള്ള സ്ഥാനക്കയറ്റ ശുപാർശയിന്മേൽ പരാമർശം (10) പ്രകാരം താഴെ പറയുന്ന തീരുമാനം എടുക്കുകയും ചെയ്തു .

"08.02.2018-ലെG.O.(Rt)No.256/2018/HEdn.,15.02.2018-ലെ G.O.(Rt)No.290/2018/ HEdn നമ്പരിലുള്ള സർക്കാർ ഉത്തരവുകൾ പ്രകാരം 13.10.2017 ലെ G.O.(Rt)No.1867/2017/H.Edn നമ്പരിലുള്ള സർക്കാർ ഉത്തരവ് റദ്ദാക്കിയതനുസരിച്ച് പ്രൊഫസ്സർമാരുടെ സ്ഥാനക്കയറ്റവുമായി ബന്ധപ്പെട്ട് സർവകലാശാല പുറത്തിറക്കിയ 04.11.2017 ലെ U.O.No.6589/BV/Acad. നമ്പരിലുള്ള ഉത്തരവ് റദ്ദ് ചെയ്തിട്ടുണ്ട്. ആയതിനാൽ ഉഴവൂർ സെന്റ് സ്റ്റീഫൻസ് കോളേജിൽ നിന്നും വിരമിച്ച ഡോ.സി-വി-തോമസ് ന്റെ പ്രൊഫസ്സർ സ്ഥാനത്തേയ്ക്കുള്ള സ്ഥാനക്കയറ്റ ശുപാർശ പരിഗണിക്കാൻ നിർവ്വാഹമില്ല."

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
രമേഷ് രാഘവൻ
ഡെപ്യൂട്ടി രജിസ്ട്രാർ 1 (അക്കാദമിക്)
(രജിസ്ട്രാർക്കു വേണ്ടി)

പകർപ്പ്:

1. കോളേജ് വിദ്യാഭ്യാസ വകുപ്പ് മേധാവി, തിരുവനന്തപുരം
2. കോളേജ് വിദ്യാഭ്യാസ വകുപ്പ് ഉപമേധാവി കോട്ടയം/എറണാകുളം
3. വൈസ് ചാൻസലറുടെ /പ്രൊ-വൈസ് ചാൻസലറുടെ പ്രൈവറ്റ് സെക്രട്ടറി
4. രജിസ്ട്രാറുടെ പി.എ.
5. ഡോ.സി വി തോമസ്
6. എസിസി I, II /ഐ.ക്യൂ.എ.സി
7. ലീഗൽ സെക്ഷൻ
8. സ്റ്റാന്റിങ്ങ് കോൺസൽ (ലീഗൽ സെക്ഷൻ വഴി)
9. സ്റ്റോക്ക് ഫയൽ/ഫയൽകോപ്പി/റെക്കോർഡ്സ്
10. കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ.

ആജ്ഞാനുസരണം

സെക്ഷൻ ഓഫീസർ

ഫയൽ നമ്പർ: AcB5/SO/5113/2017